LIBRARY ARCHIVES Kerala Legislative Assembly

കെ. പി. സി. ആർ. ആനുകൂല്യം

151 [3852] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.പി.സി.ആർ. ആനുകൂല്യം ലഭിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികൾക്ക് രണ്ടു വർഷമായി ഈ ആനുകൂല്യം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ ആനുകൂല്യം ലഭ്യമാകാത്തതിനെ തുടർന്ന് പ്രസ്തുത വിദ്യാർത്ഥികൾക്ക് ഫീസടയ്ക്കാനാകാത്തതുമൂലം അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ടി.സി. ലഭ്യമാകാതെ വരികയും അതുമൂലം ഉപരിപഠനവും മറ്റും തടസ്സപ്പെട്ടതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) & (ബി) ഫണ്ടിന്റെ ദൗർലഭ്യംമൂലം കെ.പി.സി.ആർ. ആനുകൂല്യം പൂർണ്ണമായി വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടില്ല. കൂടുതൽ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

നാടാർ സമുദായത്തിന് സംവരണം

152 [T3853] *ശ്രീ. പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടാർ സമുദായത്തിൽ എത്ര അവാന്തര വിഭാഗങ്ങൾ ഉണ്ട്;

(ബി) നാടാർ സമുദായത്തെ പിന്നോക്ക സമുദായമായി സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) നാടാർ സമുദായം പിന്നോക്ക സമുദായമാണെന്ന് ഹൈക്കോർട്ടിൽ സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ;